# ഒരുക്കം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മാനന്തേരി

## കാവിന്മൂല എൽ പി സ്കൂൾ

## 2025 -26



# ആമുഖം

പൊതു വിദ്യാഭ്യാസമെന്ന ആശയം അതിന്റെ അർത്ഥപൂർണ്ണമയ തലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വിദ്യാലയത്തിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനോടൊപ്പം ഗുണനിലവാരം, അവസര തുല്യത, ലിംഗസമത്വം, പങ്കാളിത്തം, മാനവികത എന്നിവയ്ക്ക് പ്രാധാന്യം നൽകുക കൂടി നമ്മുടെ കടമയായി കരുതേണ്ട അവസരമാണിത്. പൊതുവിദ്യാഭ്യാസം എന്ന ആശയം പ്രസ്തുത ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകി തനതായ രീതിയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇതിന്റെ ആവിഷ്ക്കാരമാണ് സ്കൂളുകളിൽ ആസൂത്രണം ചെയ്യുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ.

# വിദ്യാലയ ചരിത്രം

ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിലെ മാനന്തേരി വില്ലേജിൽ 12- ാംവാർഡായ ഞാലിൽ എന്ന പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് .1943ൽ ശ്രീ കണാരൻ ഗുരുക്കൾ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. ആദ്യകാലത്ത് മാനന്തേരി കാവിൻ മൂല ബോയ്സ് ലോവർ എലിമെന്ററി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ വിദ്യാലയം പിന്നീട് 1957 ൽ മാനന്തേരി കാവിൻമൂല എൽ പി. സ്കൂൾ എന്ന് നാമകരണം ചെയ്യപ്പെട്ടു . വിദ്യാഭ്യാസ പരമായും, സാമ്പത്തിക പരമായും, വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജനതയെ വിദ്യാഭ്യാസപരമായി ഉദ്ദരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വി ദ്യാലയം സ്ഥാപിച്ചത്. ഞാലിൽ, കാവിൻമൂല, സത്രം, തൊണ്ടിലേരി, തുടങ്ങിയ പരിസരപ്രദേശങ്ങളിലെ നിരവധി പേർ അറിവിന്റെ ആദ്യാക്ഷരം കുറിച്ചത് ഈ വിദ്യാലയത്തിലാണ് .ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ അക്ഷീണ പ്രയത്നം ഈ സ്കൂളിന്റെ യശസ് ഉയർത്തിപ്പിടിച്ചു . പിന്നീട് വന്ന അധ്യാപകരും ഈ ദൗത്യം ഏറ്റെടുക്കുകയും വിദ്യാഭ്യാസപരമായ ഉയർച്ചക്ക് മുതൽ ക്കൂട്ടാവുകയും ചെയ്തു .അക്കാദമികപരമായും ,ഭൗതികപരമായും ഇനിയും ഒരുപാട് ഉയരുവാനുണ്ട് . അതിനുവേണ്ടി വേണ്ടി എല്ലാവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മാനന്തേരി കാവിൻമൂല എൽ പി സ്കൂൾ |
| വിലാസം | : | മാനന്തേരി (പി ഒ )കൂത്തുപറമ്പ് |
| സ്കൂൾ കോഡ് | : | 14641 |
| ഫോൺ | : | 9446540902 |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| വിദ്യാഭ്യാസ ഉപജില്ല | : | കൂത്തുപറമ്പ് |
| ബി. ആർ. സി | : | കൂത്തുപറമ്പ് |
| സി .ആർ .സി | : | ചിറ്റാരിപറമ്പ് |
| ഗ്രാമപഞ്ചായത്ത് | : | ചിറ്റാരിപറമ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | : | കൂത്തുപറമ്പ് |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| നിയമ സഭാമണ്ഡലം | : | മട്ടന്നൂർ |
| ലോകസഭാമണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | തലശ്ശേരി |
| വില്ലേജ് | : | മാനന്തേരി |
| ഇ- മെയിൽ | : | mklpschool@gmail.com |
| ഫേസ്ബുക്ക് | : | Manantheri Kavinmoola Lps |

# നിലവിലെ അവസ്ഥ -സ്കൂൾ ഡാറ്റ

| | |
|---|---|
| ഹെഡ്മിസ്ട്രസ്സ് | : ദീപ ഇ |
| പി.ടി.എ പ്രസിഡണ്ട് | : രാജേഷ് എം.കെ |
| ആകെ അധ്യാപകർ | : 5 |
| പ്രീപ്രൈമറി അധ്യാപകർ | : 2 |
| പാചകത്തൊഴിലാളി | : 1 |
| ക്ലാസ്സുകളുടെ എണ്ണം | : 5 |
| കുട്ടികൾ (1-5) | : 35 |
| പ്രീപ്രൈമറി കുട്ടികൾ | : 19 |
| വില്ലേജ് | : മാനന്തേരി |
| ക്ലസ്റ്റർ സെന്റർ | :ചിറ്റാരിപ്പറമ്പ് |
| ഗ്രാമപഞ്ചായത്ത് | : ചിറ്റാരിപ്പറമ്പ് |
| ജില്ല | :കണ്ണൂർ |
| വിദ്യാഭ്യാസജില്ല | : തലശ്ശേരി |
| ഉപജില്ല | :കൂത്തുപറമ്പ് |

## അധ്യാപകർ -നിലവിലെ അവസ്ഥ

അധ്യാപകരുടെ എണ്ണം :5

സ്ഥിരം അധ്യാപകർ :5

താത്കാലിക നിയമനങ്ങൾ : -

- എല്ലാ അധ്യാപകരും അവധിക്കാല പരിശീലന പരിപാടിയിൽ പങ്കെടുക്കുകയും അവ ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്
- കുട്ടികളുടെ പഠന നിലവാരം എസ് .ആർ .ജി യിൽ ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യാറുണ്ട് .
- എല്ലാ മാസവും പി .ടി.എ വിളിച്ചും ഫോൺ മുഖാന്തിരവും കുട്ടികളുടെ എല്ലാ കാര്യങ്ങളും അന്വേഷിക്കാറുണ്ട് .
- ഗൃഹപാഠങ്ങൾ ചെയ്യുന്നതിന് എല്ലാ വിദ്യാർത്ഥികൾക്കും രക്ഷിതാക്കളുടെ സഹായം ലഭിക്കുന്നില്ല .
- മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയതിനാൽ എല്ലാ അധ്യാപകർക്കും ശമ്പളം ലഭിക്കുന്നില്ല .

# മലയാളം

## ആമുഖം

മാതൃഭാഷ ഓരോ കുട്ടിയും ജനനം മുതൽ സ്വായത്തമാക്കുന്ന ഏറ്റവും മികച്ച അറിവാണ്. മാതൃഭാഷാപരമായ ന്യൂനത ഓരോ വിദ്യാർത്ഥിയുടെയും അസ്ഥിത്വത്തെ തന്നെ ചോദ്യം ചെയ്യുന്ന തരത്തിലേക്ക് മാറ്റപ്പെട്ടേക്കാം .പ്രൈമറി തലം കഴിഞ്ഞു വരുന്ന ഓരോ കുട്ടിയും മാതൃഭാഷാപരമായ അടിസ്ഥാനഅറിവ് നേടിയെങ്കിൽ മാത്രമേ തുടർക്ലാസുകളിൽ അവരുടെ മറ്റു വിഷയങ്ങളിലെയും പഠനത്തെ മികവാർന്ന രീതിയിൽ കൊണ്ടുപോകുവാൻ കഴിയുകയുള്ളു .അതുകൊണ്ട് തന്നെ പ്രൈമറി തലത്തിൽ ഏറ്റവും ഊന്നൽ നൽകേണ്ട ഒരു മേഖലയാണിത്

## പ്രശ്നങ്ങൾ

- അക്ഷരങ്ങൾ ഭൂരിഭാഗം കുട്ടികളും തിരിച്ചറിയുന്നുണ്ടെങ്കിലും ചെറിയ ഒരു ഭൂരിപക്ഷത്തിനെങ്കിലും ചിഹ്നങ്ങൾ വെല്ലുവിളി തീർക്കുന്നുണ്ട് .
- അക്ഷരങ്ങൾ വായിക്കാനറിയാമെങ്കിലും കൂട്ടക്ഷരങ്ങൾ വരുമ്പോൾ വായിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു .
- ടി വി ,മൊബൈൽ ഫോൺ ,തുടങ്ങിയ ദൃശ്യ -ശ്രാവ്യ മാധ്യമങ്ങൾ വായനയെ പിന്നോട്ട് വലിക്കുന്നു
- സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വീടുകളിലെ കുട്ടികൾക്ക് കൃത്യമായ പഠനാന്തരീക്ഷവും പ്രോത്സാഹനവും ലഭിക്കുന്നില്ല .

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചെറു സദസുകളിൽ കഥകൾ, പാട്ടുകൾ അഭിനയ ഗാനങ്ങൾ എന്നിവ ഈണത്തിലും താളത്തിലും സ്വതന്ത്രമായി അവതരിപ്പിക്കൽ | കുഞ്ഞുപാട്ടുകൾ, കഥകൾ എന്നിവ കേൾക്കാനുള്ള അവസരം<br>അഭിനയ ഗാനങ്ങളിൽ പങ്കുചേരാനുള്ള അവസരം<br>ശില്പശാല -പാട്ടരങ്ങ്- | ജൂൺ-ജൂലായ്<br>ജൂലായ് - മാർച്ച്<br>ജൂലായ് -രണ്ടാംവാരം | ക്ലാസ്സ് ടീച്ചർ<br>SRG<br>ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ, പൂർവ്വ അധ്യാപകർ<br>രക്ഷിതാക്കൾ അധ്യാപകർ | SMC<br>PTA |

| [illegible] | [illegible] | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | സംയുക്ത ഡയറി എഴുത്ത് -ശില്പശാല- | ജൂൺ രണ്ടാം വാരം മുതൽ | രക്ഷിതാക്കൾ ക്ലാസ്സ് ടീച്ചർ | PTA |
| | ഡയറിക്കുറിപ്പുകൾ ശേഖരിച്ച് പുസ്തകമാക്കൽ | ഡിസംബർ | ക്ലാസ്സ് അധ്യാപകർ SRG കുട്ടികൾ | |
| | സാങ്കല്പിക ഡയറി എഴുത്ത് | ജനുവരി | | SMC |
| | വായനോത്സവം സംഘടിപ്പിക്കൽ- കുഞ്ഞു പുസ്തകങ്ങൾ രക്ഷിതാക്കളുടെ സഹാത്തോടെ വായിക്കൽ, | ജൂലായ് മാസം മുതൽ | രക്ഷിതാക്കൾ ക്ലാസ്സ് ടീച്ചർ | SRG |
| | കഥകേൾക്കൽ, അമ്മവായന | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ കുട്ടികൾ | |

ഭാഷ

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ/മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടുക | നാടൻ പാട്ടുകളും വായ്ത്താരികളും ശേഖരിക്കുന്നു | ജൂൺ | ക്ലാസ്സ് ടീച്ചർ | |
| കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലുക | സംഘമായി അവതരിപ്പിക്കുന്നു. | ജൂലായ് | | |
| പഴഞ്ചൊല്ല് കടങ്കഥ ഹൃദിസ്തമാക്കുക, ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുക | സി.പി.ടി.എ നാടൻ പാട്ടുകൾ അവതരണം | ആഗസ്റ്റ് | | |
| | പഴഞ്ചൊല്ലുകളും കടങ്കഥകളും കൂടുതലായി ശേഖരിക്കുന്നു. | സെപ്തംബർ | | |
| | ക്ലാസ്സിൽ പയറ്റ് നടത്തുന്നു. | മാർച്ച് | | |
| രചനകൾ ഭാവാത്മകമായി വായിക്കുക. | പുതിയവ നിർമ്മിക്കുന്നു | സെപ്തംബർ | | |

മേഖല : അക്കാദമികം
ഉപമേഖല : ഭാഷ
ക്ലാസ്സ് : IV

**അക്ഷര മധുരം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായനാ വസന്തം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ്സ് വായനാക്കൂട്ടം, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം, ആനുകാലിക വായന പത്രവായന, വായനാ കാർഡുകൾ | വർഷം മുഴുവൻ | HM<br>SRG<br>Class teacher<br>PTA | PTA |

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

ക്ലാസ് - V

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം .ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പ്രാപ്തരാക്കുന്നു . | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ ,കവിത,യാത്രാനുഭവം അനുഭവക്കുറിപ്പ് )അവതരിപ്പിക്കുന്നു .<br>• ഭാഷാകേളി<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി,ആസ്വാദനം എന്നിവ വളർത്തുന്നു . | ജൂൺ മാസം | മലയാളം അധ്യാപകർ | |
| അർഥപൂർണമായ വായന ഉറപ്പുവരുത്തുക . | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br>• പത്രം,ആഴ്ചപ്പതിപ്പ് എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു . | അക്കാദമിക് വർഷം | മലയാളം അധ്യാപകർ | |
| അവതരണം മികവ് | • വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു .വായിച്ച പുസ്തകത്തിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു . | അക്കാദമിക് വർഷം | മലയാളം അധ്യാപകർ | |

# ഇംഗ്ലീഷ്

## ആമുഖം

എല്ലാ കുട്ടികളുടെയും കഴിവുകൾ അംഗീകരിക്കപ്പെടുന്നതും അതിന്റെ ഏറ്റവും ഉയർന്ന തലത്തിൽ വികസിപ്പിക്കുന്നതുമായ ഒരു വിദ്യാഭ്യാസക്രമം വളർത്തിയെടുക്കാൻ ഉതകുന്ന രീതിയിലായിരിക്കണം വിദ്യാഭ്യാസത്തിന്റെ ഓരോ ചുവടുവെപ്പും .കുട്ടിയുടെ വികസനമാണ് വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം .സമഗ്ര വികസനമെന്നാൽ കുട്ടിയുടെ വൈജ്ഞാനിക വൈകാരിക സാമൂഹ്യ മേഖലയിലെ വളർച്ചയും വികസനവുമാണ് .ഇംഗ്ലീഷ് ഭാഷയിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ ഒരുപാട് ബുദ്ധിമുട്ട് നേരിടുന്നുണ്ട് .വീട്ടിൽ നിന്നുള്ള പിന്തുണ കുറവാണ് എന്നതാണ് പ്രധാനപ്രശ്നം .ലളിതമായ പ്രവർത്തനങ്ങളിൽ കൂടി കുട്ടികൾക്ക് പഠനനേട്ടങ്ങൾ സാധ്യമാക്കുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത് .അങ്ങനെ കുട്ടികൾക്ക് ഇംഗ്ലീഷിൽ ഉയർന്ന നിലവാരം പുലർത്താൻ കഴിയും

## പ്രശ്നങ്ങൾ

1.തെറ്റ് കൂടാതെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും എഴുതുവാനും കഴിയുന്നില്ല

2.ഇംഗ്ലീഷ് ഭാഷ കേൾക്കുവാനുള്ള അവസരക്കുറവ്

3.ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുവാനുള്ള അവസരക്കുറവ് .

4.ഇംഗ്ലീഷ് പത്രങ്ങൾ, മാസികകൾ എന്നിവയുടെ ലഭ്യതക്കുറവ് .

5.ഇംഗ്ലീഷിനോടുള്ള ഭയം .

6. ഇംഗ്ലീഷ് പഠനത്തിന് കുട്ടികളെ സഹായിക്കാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല

ക്ലാസ്സ് : I

# ENGLISH

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | Short stories Cartoon,films, Animal sounds- തുടങ്ങിയ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തൽ | ജൂൺ -ഫിബ്രുവരി | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ<br>SRG | PTA<br>SMC |
| | ക്ലാസിൽ കഥ അവതരണം | ജൂലായ്- ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| | സ്വാഭാവിക സന്ദർഭങ്ങളിൽ English ൽ നിർദ്ദേശങ്ങൾ നൽകൽ | ജൂൺ -മാർച്ച് | ടീച്ചർ,<br>പൂർവ്വ കുട്ടികൾ | PTA |

**ENGLISH** ക്ലാസ്സ് : II

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായികേൾക്കാനുള്ള അവസരം ഒരുക്കൽ<br>Add two or three exchanges to a conversation | Story ,Song, Conversation thought, description, role play game, drawing vegetables. | ജൂൺ -ഫിബ്രുവരി | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |
| Follow instructions to make a kite using paper.<br>പക്ഷിയെ വരച്ച് നിറം കൊടുത്ത് describe | Making a kite, Identifying the colours in the rainbow.<br>Connecting two words using the conjunction'and' | ജൂലായ് | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ, | |
| Identifies the sounds of animals domestics and wild animal | Dialogues, announcements pet animals domestic and wild animals. | ജൂൺ -മാർച്ച് | | |
| Uses correct forms of action words<br>introduces one self and others | Role play, concept maps matching tables<br>introducing oneself and others word puzzle. | ഫിബ്രുവരി | ക്ലാസ്സ് ടീച്ചർ, | |

**Academic Master Plan** **CLASS III**

**ENGLISH**

| Aim | Activities | Time | | |
|---|---|---|---|---|
| To develop listening skills and reading skills | Listening Skills<br>❖ Games<br>❖ Action Songs<br>❖ Conversions, Skit, Stories use ICT.<br>Speaking Skills<br>❖ Identify the naming words from the picture .<br>❖ Identify the action word from the Passage .<br>❖ Make a simple Sentences using the action word and naming words about the picture with the golden moments activities. | June and July | Class Teacher | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്സ് - 4

## ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരിക്കൽ അസംബ്ലി ചേരൽ | വർഷം മുഴുവൻ | Class teacher SRG | |
| **ഇംഗ്ലീഷ് ഡയറി**<br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | സ്കൂളിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ, പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ ഒരു ദിവസം (വെള്ളി) | class teacher | — |

മേഖല - അക്കാദമികം ഉപമേഖല - ഇംഗ്ലീഷ് ക്ലാസ് -V

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. തെറ്റ് കൂടാതെ ഇംഗ്ലീഷ് വായിക്കാനും ഉപയോഗിക്കാനുമുള്ള കഴിവ് നേടുക | • ഇംഗ്ലീഷ് അസംബ്ലി<br>• ന്യൂസ് റീഡിങ്<br>• റീഡിങ് കാർഡ് വായന<br>• കഥ പറയൽ /വായന<br>• കവിത ചൊല്ലൽ | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ക്ലബ് | |
| 2. ഇംഗ്ലീഷ് കേൾക്കാനുള്ള അവസരം | • ഇംഗ്ലീഷ് വാർത്തകൾ കേൾക്കാനവസരം<br>• ICT യുടെ സഹായത്തോടെ<br>• കവിതകൾ ,കഥകൾ കേൾക്കാനവസരം | ജൂലായ് -മാർച്ച് | ഇംഗ്ലീഷ് ക്ലബ് | |
| 3. ഇംഗ്ലീഷ് തെറ്റ് കൂടാതെ എഴുതാനുള്ള കഴിവ് നേടുന്നു | • ചിത്ര വിവരണം<br>• അക്ഷരമാല ക്രമത്തിൽ വാക്കുകൾ ക്രമീകരിക്കുന്നു<br>• വരികൾ കൂട്ടിചേർക്കൽ<br>• പതിപ്പ് നിർമ്മാണം | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |
| 4. ക്ലാസ് റൂം ലൈബ്രറി | • അടുത്തുള്ള ലൈബ്രറി ,രക്ഷിതാക്കൾ എന്നിവയുടെ സഹകരണത്തോടെ ക്ലാസ് റൂം ലൈബ്രറിയിൽ ഇംഗ്ലീഷ് സാന്നിധ്യം ഉറപ്പാക്കുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് ക്ലബ് | |